# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 366 — 28.10.2019 - ൽ മറുപടിക്ക്.

## ഇ-പോസ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അനിൽ അക്കര :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ചതിലൂടെ റേഷൻ വിതരണത്തിൽ കൃത്യതയും സുതാര്യതയും ഉറപ്പ് വരുത്തിയതായി വിലയിരുത്തിയിട്ടുണ്ടോ; | **(എ)** ഉണ്ട്. |
| **(ബി)** വിരലടയാളം പതിച്ച് ആതന്റിക്കേഷൻ പരാജയപ്പെട്ടുമ്പോഴും സാങ്കേതിക തകരാറ് വരുന്ന സാഹചര്യത്തിലും ഉപഭോക്താവിന് റേഷൻ നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | **(ബി)** വിരലടയാളം പതിച്ചുള്ള ആതന്റിക്കേഷൻ പരാജയപ്പെട്ടാലും രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേക്ക് OTP അയച്ച് ആതന്റിക്കേറ്റ് ചെയ്യുന്നതിനും ആയതും പരാജയപ്പെടുകയാണെങ്കിൽ ആതന്റിക്കേഷൻ ഇല്ലാതെ തന്നെ റേഷൻ നൽകുന്നതിനും സാധിക്കുന്നതാണ്. ഒരു കാരണവശാലും ഒരു യഥാർത്ഥ ഗുണഭോക്താവിന് റേഷൻ നിഷേധിക്കപ്പെടുന്ന അവസ്ഥ ഉണ്ടാകരുത് എന്നാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. |
| **(സി)** പ്രസ്തുത മെഷീനിലൂടെ എ.റ്റി.എം. സേവനം ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ, ഇല്ലെങ്കിൽ അതിനായുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | **(സി)** ഇല്ല. ബാങ്കുകളുമായി ചർച്ച നടന്നു വരുന്നു. |

*സെക്ഷൻ ഓഫീസർ*